"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണം- ജീവനക്കാര്യം - കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വേലംമൂഴി കടത്ത്, മൂന്നാം കിഴക്കതിൽ കടത്ത് എന്നീ കടത്തുകളിലെ രണ്ട് സ്ഥിരം പാർട്ട്ടൈം ഫെറിമാൻ തസ്തികകൾ അബോളിഷ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1112/2025/LSGD തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:-

1. കുന്നത്തൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 4.10.2023-ലെ7(1) തീരുമാനം
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.12.2023, 05.09.2024 എന്നീ തീയതികളിലെ LSGD/PD/67389/2023-DEF5 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വേലംമൂഴി കടത്ത്, മൂന്നാം കിഴക്കതിൽ കടത്ത് എന്നീ കടത്തുകളിലെ പാർട്ട് ടൈം ഫെറിമാൻമാർ വിരമിക്കുന്നതിനെ തുടർന്ന് നിലവിൽ ഉപയോഗത്തിലില്ലാത്ത പ്രസ്തുത കടത്തുകളിലെ പാർട്ട് ടൈം ഫെറിമാൻ തസ്തികകൾ അബോളിഷ് ചെയ്യുന്നതിനായുള്ള കുന്നത്തൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം(1) പ്രകാരമുള്ള തീരുമാനം പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തു സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾ എല്ലാവരും തന്നെ നിലവിൽ ഗതാഗതത്തിനു റോഡ് മാർഗ്ഗമാണ് ഉപയോഗിച്ചുവരുന്നത് എന്നും, നിലവിൽ നാമമാത്രമായ ആളുകൾ ഇടവേളകളിൽ മാത്രം ഉപയോഗിക്കുന്ന കടത്ത് സർവ്വീസ് വരും കാലങ്ങളിൽ ആരും തന്നെ ഉപയോഗിക്കാത്ത അവസ്ഥ സംജാതമാകുമെന്നും, കരമാർഗ്ഗം ഉള്ള മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ധാരാളം ഉള്ള അവസരത്തിൽ ഭാവിയിൽ ഒരാൾ പോലും ഈ പഞ്ചായത്തിൽ കടത്ത് സർവ്വീസ് ഉപയോഗിക്കാത്ത അവസ്ഥ ഉണ്ടാകുമെന്നതിനാലും പുതിയ തലമുറയിലെ ആരും തന്നെ അപകടകരമായ കല്ലടയാറിൽ കൂടിയുള്ള കടത്തു യാത്ര നടത്തുന്നില്ല എന്നതിനാലും, നിലവിൽ തനത് ഫണ്ട് കുറവുള്ള പഞ്ചായത്തിനും പൊതുജനങ്ങൾക്കും യാതൊരു പ്രയോജനവുമില്ലാത്ത കടത്ത് സർവ്വീസിനു വേണ്ടി 30.04.2024 -ൽ നിലവിലുള്ള പാർട്ട് ടൈം ഫെറിമാൻ വിരമിക്കുന്ന ഒഴിവിൽ പുതിയ പാർട്ട്ടൈം ഫെറിമാനെ നിയമിക്കുന്ന പക്ഷം 70 വയസ്സുവരെ സേവന കാലാവധി ഉള്ള ടിയാൾക്ക് എകദേശം 40 വർഷക്കാലയളവ് വരെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ട സാഹചര്യം ഉണ്ടാകുകയും ഈ വകയിൽ ഭീമമായ ഒരു തുക പഞ്ചായത്തിനു ചെലവഴിക്കേണ്ടി വരുമെന്നും ആയത് ഭാവിയിൽ പഞ്ചായത്തിനെ കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലേക്കു നയിക്കുമെന്നും

മാത്രമല്ല കുറച്ച് കാലങ്ങൾ കഴിയുമ്പോൾ കടത്ത് സർവ്വീസ് ഉപയോഗിക്കുന്ന യാത്രക്കാർ ഇല്ലാതെ വരികയും ആയത് വഴി കടത്ത് സർവ്വീസ് നിർത്താലാക്കേണ്ട സാഹചര്യം സംജാതമാകുകയും ചെയ്യുമെന്നും കണ്ടെത്തിയ കമ്മിറ്റി , തുടർന്ന് ആവശ്യമാകുന്ന പക്ഷം മേൽ കാലയളവിനു ശേഷം കടത്ത് സർവ്വീസ് നടത്തുന്നതിനു വള്ളവും വള്ളക്കാരനെയും കരാർ വ്യവസ്ഥയിൽ എർപ്പെടുത്താവുന്നതാണെന്ന് തീരുമാനിക്കുകയും അതിൻ പ്രകാരം കടത്ത് സർവ്വീസ് പൂർണ്ണമായി അനിവാര്യമല്ലാത്തതിനാൽ 2022 മേയ് മാസം നിർത്തലാക്കിയ മൂന്നാം കിഴക്കതിൽ കടവിലെ പാർട്ട് ടൈം ഫെറിമാൻ തസ്തികയും 30.04.2024 -ൽ വേലംമൂഴി കടവിലെ പാർട്ട് ടൈം ഫെറിമാൻ വിരമിക്കുന്നതു മൂലം ഒഴിവുണ്ടാകുന്ന തസ്തികകയും കൂടി ചേർത്തു പഞ്ചായത്തിലെ രണ്ട് പാർട്ട്ടൈം ഫെറിമാൻ തസ്തികകളും അബോളിഷ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നത്തൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം(2) പ്രകാരം ശുപാർശ പരിഗണിച്ച് കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വേലംമൂഴി കടത്ത്, മൂന്നാം കിഴക്കതിൽ കടത്ത് എന്നീ കടത്തുകളിലെ രണ്ട് സ്ഥിരം പാർട്ട് ടൈം ഫെറിമാൻ തസ്തികകൾ അബോളിഷ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കൊല്ലം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, കുന്നത്തൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധന വകുപ്പ്(04.03.2025 ലെ ഡെവ 1/62/2024/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(71/ഇപിഎ)2/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 05-05-2025 10:20:42